# Malayala Manorama

## 27 August 2018

## Chenghannoor, Rescue Operation, Fireforce, Torture

# രക്ഷാപ്രവർത്തനം കഴിഞ്ഞു മടങ്ങിയ അഗ്നിരക്ഷാ സേനാംഗങ്ങൾക്കു മർദനം

ചെങ്ങന്നൂർ • വെള്ളപ്പൊക്കത്തെ തുടർന്നു ടെറസിൽ കയറ്റി നിർത്തിയിരുന്ന പശുക്കളെ താഴെയിറക്കി മടങ്ങിയ അഗ്നിരക്ഷാ സേനാംഗങ്ങളെ മർദിച്ചെന്ന പരാതിയിൽ പൊലീസ് കേസ് റജിസ്റ്റർ ചെയ്തു. പാണ്ടനാട് പറമ്പത്തൂർപടിക്കു സമീപമാണു സംഭവം. ഫയർമാൻ ആർ.എൽ. ശ്യാംലാൽ (29), ഫയർമാൻ കം ഡ്രൈവർ ജെ. അഷ്റഫ് (39) എന്നിവർക്കാണു മർദനമേറ്റത്.

ടെറസിൽ കയറ്റി നിർത്തിയിരുന്ന അഞ്ചു പശുക്കളെ താഴെയിറക്കി മടങ്ങുകയായിരുന്ന അഗ്നിരക്ഷാസേനയുടെ വാഹനം ടിപ്പർ ലോറിയെ മറികടക്കുന്നതു സംബന്ധിച്ചു തർക്കമുണ്ടായി. തുടർന്നു പ്രദേശത്തു ഭക്ഷണപ്പൊതി വിതരണം ചെയ്യുകയായിരുന്ന ടിപ്പർ ലോറിയിലുണ്ടായിരുന്ന ഡ്രൈവർ ഉൾപ്പെടെ നാലു പേർ ഇവരെ ആക്രമിക്കുകയായിരുന്നെന്നാണു പരാതി.